**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **02-08-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പ് നൽകുന്ന ലൈസൻസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2010 ലെ കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് കം ഡ്രൈവർ, സർവീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകി വരുന്നു. ഇതു കൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970 ലെ ഹാർബർ ക്രാഫ്റ്റ് ചട്ട പ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡ് ആണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗാതഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ, അവ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്. |
| (ബി) | തുറമുഖ വകുപ്പ് വഴി നൽകിയിരുന്ന ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 2010 ലെ കേരളാ ഉൾനാടൻ ജലഗതാഗത നിയമം, 1970-ലെ ഹാർബർ ക്രാഫ്റ്റ് റൂൾ എന്നിവ പ്രകാരമാണ് തുറമുഖ വകുപ്പ് ലൈസൻസുകൾ നൽകി വരുന്നത്. ടി നിയമങ്ങളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നിലവിലില്ല. എന്നാൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ ലൈസൻസുകൾ ബോർഡ് പുതുക്കി നൽകുന്നുണ്ട്. |
| (സി) | ബോട്ട് മാസ്റ്റർ (ക്യാഷ് കളക്ടർ) ലൈസൻസ് നിലവിൽ പുതുക്കി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | കനാൽ ഇൻസ്പെക്ടർ നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർക്ക് അത് കെ.ഐ.വി. യിലേക്ക് മാറ്റി നൽകുകയും ആയത് കാലാവധി തീരുന്ന മുറക്ക് പുതുക്കി നൽകുകയും ചെയ്തുവരുന്നു. |
| (ഡി) | നിലവിൽ എത്ര ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ 579 ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസുകൾ, |

| | | | |
|---|---|---|---|
| | | | കേരള മാരിടൈം ബോർഡ് വഴി പുതുക്കി നൽകിയിട്ടുണ്ട് |
| (ഇ) | പുതുതായി ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ? | (ഇ) | കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ